തിരുവനന്തപുരം	22
കൊല്ലം	37
പത്തനംതിട്ട	8
ആലപ്പുഴ	12
കോട്ടയം	13
ഇടുക്കി	18
എറണാകുളം	15
തൃശ്ശൂർ	26
പാലക്കാട്	32
മലപ്പുറം	80
കോഴിക്കോട്	46
വയനാട്	10
കണ്ണൂർ	29
കാസർഗോഡ്	48
ആകെ	396

(സി) 10-6-2013-ലെ സ.ഉ. (കൈ) നമ്പർ 184/13/പൊ.വി.വ. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമായ സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

44 (1120) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പുതിയ സ്കൂളുകൾക്ക് അനുമതി തേടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി 10-6-2013-ലെ സ.ഉ.(കൈ)നമ്പർ184/13/പൊ.വി.വ. പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 395 സ്കൂളുകൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ.(കൈ) നമ്പർ 863/2015/പൊ.വി. ഉത്തരവുപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

തിരുവനന്തപുരം	22
കൊല്ലം	37
പത്തനംതിട്ട	8
ആലപ്പുഴ	12
കോട്ടയം	13
ഇടുക്കി	18
എറണാകുളം	15
തൃശ്ശൂർ	26
പാലക്കാട്	32
മലപ്പുറം	80
കോഴിക്കോട്	46
വയനാട്	10
കണ്ണൂർ	29
കാസർഗോഡ്	48
ആകെ	396

ഇക്കാലയളവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ. പാഠ്യപദ്ധതി പിന്തുടരുന്ന 555 സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

തിരുവനന്തപുരം	56
കൊല്ലം	52
പത്തനംതിട്ട	16
ആലപ്പുഴ	33
കോട്ടയം	44
ഇടുക്കി	23
എറണാകുളം	72
തൃശ്ശൂർ	56
പാലക്കാട്	27
മലപ്പുറം	61
കോഴിക്കോട്	33
വയനാട്	15
കണ്ണൂർ	38
കാസർഗോഡ്	29
ആകെ	555

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ സാഹചര്യത്തിൽ പുതിയ സ്കൂളുകൾക്ക് അനുമതി നൽകുന്നതിനുള്ള അപേക്ഷകൾ നിലവിൽ സർക്കാർ പരിഗണനയിലില്ല.

അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

45 (1121) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ അംഗീകാരത്തിന് അപേക്ഷ നൽകിയ അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുകയുണ്ടായി എന്നത സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയെന്നും അവയുടെ ലിസ്റ്റും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly